**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 151** **07-06-2021 - ൽ മറുപടിയ്ക്ക്**

**ഗവ. പോളി ടെക്നിക് കോളേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | Shri M. V. Govindan Master<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രി) | |
| (എ) | കടുത്തുരുത്തി ഗവ. പോളി ടെക്നിക് കോളേജിനായി കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത ഭൂമിയിൽ നിന്നും അധികമുള്ള സ്ഥലം വിവിധ ആവശ്യങ്ങൾക്ക് അനുവദിക്കുന്നതിനായി എൽ എസ് ജി ഡി , RC4/137/2017 നമ്പർ ഫയലിൽ സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കാമോ; | (എ) | കടുത്തുരുത്തി ഗവ. പോളിടെക്നിക് കോളേജിനായി കടുത്തുരുത്തി ഗ്രാമ പഞ്ചായത്ത് ഏറ്റെടുത്ത ഭൂമിയിൽ നിന്നും അധികമുള്ള സ്ഥലം വിവിധ സർക്കാർ സ്ഥാപനങ്ങൾക്കായി അനുവദിച്ചു നൽകുന്നതിനായി പ്രസ്തുത ഭൂമി സർക്കാരിലേയ്ക്ക് പുനർനിക്ഷിപ്തമാക്കേണ്ടതുണ്ട്. ആയതിനാൽ ഓരോ വകുപ്പിനും ആവശ്യമായ ഭൂമിയുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി നിർദ്ദിഷ്ട പ്രൊഫോർമയിൽ ബന്ധപ്പെട്ട രേഖകൾ സഹിതം വ്യക്തമായ ശുപാർശയോടെ, പ്രത്യേകം പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് 6/5/2021 തീയതിയിലെ RC4/137/2017/LSGD നമ്പർ കത്ത് മുഖാന്തിരം പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത നിർദ്ദേശ പ്രകാരം പുതുക്കിയ പ്രൊപ്പോസൽ അടിയന്തിരമായി സമർപ്പിക്കുവാൻ കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് 31/05/2021 ലെ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഈ സ്ഥലം കൈമാറുന്നതു സംബന്ധിച്ച് കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് റെസല്യൂഷൻ പാസ്സാക്കി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ന് പഞ്ചായത്ത് ഡയറക്ടറേറ്റിൽ എത്തി, ആയത് പഞ്ചായത്ത് വകുപ്പിലേക്ക് എന്നേക്ക് കൈമാറി എന്നത് വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. പ്രസ്തുത തീരുമാനം കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് സെക്രട്ടറി 16/01/2021 ൽ പഞ്ചായത്ത് ഡയറക്ടറേറ്റിൽ ലഭ്യമാക്കി. ആയത് 06/03/2021 തീയതിയിലെ പ്രൊപ്പോസലിനോടൊപ്പം 16/03/2021 തീയതിയിൽ സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) | പഞ്ചായത്ത് വകുപ്പിൽ ഈ ഫയലിൽ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ; പ്രസ്തുത ആവശ്യത്തിന് എന്ത് പരിഹാരമാണ് വകുപ്പ് കണ്ടെത്തിയിട്ടുള്ളത്എന്ന് വ്യക്തമാക്കാമോ? | (സി) | കടുത്തുരുത്തി ഗവ.പോളിടെക്നിക് കോളേജിനായി കടുത്തുരുത്തി ഗ്രാമ പഞ്ചായത്ത് ഏറ്റെടുത്ത ഭൂമിയിൽ നിന്നും അധികമുള്ള സ്ഥലം വിവിധ സർക്കാർ സ്ഥാപനങ്ങൾക്കായി അനുവദിച്ചു നൽകുന്നതിനായി പ്രസ്തുത ഭൂമി സർക്കാരിലേയ്ക്ക് പുനർനിക്ഷിപ്തമാക്കേണ്ടതുണ്ട്. ആയതിനാൽ ഓരോ വകുപ്പിനും ആവശ്യമായ ഭൂമിയുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി നിർദ്ദിഷ്ട പ്രൊഫോർമയിൽ ബന്ധപ്പെട്ട |

| | | | |
|---|---|---|---|
| | | | രേഖകൾ സഹിതം വ്യക്തമായ ശുപാർശയോടെ, പ്രത്യേകം പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് 6/5/2021 തീയതിയിലെ RC4/137/2017/LSGD നമ്പർ കത്ത് മുഖാന്തിരം പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത നിർദ്ദേശ പ്രകാരം പുതുക്കിയ പ്രൊപ്പോസൽ അടിയന്തിരമായി സമർപ്പിക്കുവാൻ കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് 31/05/2021 ലെ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ